**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **19-06-2024 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രീ പ്രൈമറി വിദ്യാഭ്യാസം ശിശു സൗഹൃദവും ആകർഷവുമാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തുന്നതും സർക്കാർ വിദ്യാലയങ്ങളോട് ചേർന്ന് പിടിഎ നടത്തുന്ന സർക്കാർ ഹോണറേറിയം കൈപ്പറ്റുന്ന ജീവനക്കാരുള്ള പ്രീ പ്രൈമറി ക്ലാസുകളിലും, പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷ കേരളം വഴി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പ്രീ സ്കൂളുകളെ ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 'വർണ്ണക്കൂടാരം' എന്ന പേരിൽ സമഗ്ര ശിക്ഷ കേരളയാണ് നടപ്പിലാക്കുന്നത്. ശിശുവികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ ഒരുക്കാൻ അധ്യാപകരെ സഹായിക്കുന്ന താലോലം പ്രവർത്തനമൂലകൾ എല്ലാ അംഗീകാരമുള്ള പ്രീ പ്രൈമറി സ്കൂളുകളിലും സ്ഥാപിച്ചിട്ടുണ്ട്. 2021-22-ൽ ഓരോ സ്കൂളിനും ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് 168 സ്കൂളുകളിലും, 2022-23 വർഷത്തിൽ 328 സ്കൂളുകളിലും, 2023-24 വർഷത്തിൽ 351 സ്കൂളുകളിലും കൂടി ശിശു സൗഹൃദ ഫർണിച്ചർ, കളിയുപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 15 ലക്ഷം വീതം ചെലവഴിച്ച് 14 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള പ്രീപ്രൈമറി സ്കൂളുകളാക്കി മാറ്റിയിട്ടുണ്ട്. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി പത്തുലക്ഷം രൂപ വീതം ചെലവഴിച്ച് 168 പ്രീ പ്രൈമറി സ്കൂളുകളെ പ്രവർത്തനങ്ങളോട്ടുകൂടിയ (Activity Areas) പ്രീ പ്രൈമറി സ്കൂളുകൾ ആക്കി മാറ്റിയിട്ടുണ്ട്. 2022-23 വർഷത്തിൽ 440 പ്രീ പ്രൈമറി സ്കൂളുകളിൽ കൂടി 44 കോടി രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2023-24 വർഷത്തിൽ അനുമതി ലഭിച്ച 500 സ്കൂളുകളിൽ, പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | അംഗീകാരമുള്ള പ്രീ പ്രൈമറി സ്കൂളുകളിലെ എല്ലാ അധ്യാപകർക്കും "കളിപ്പാട്ടം" അധ്യാപക സഹായി ലഭ്യമാക്കുകയും, കുട്ടികളിൽ ഭാഷാ ശേഷികൾ ഉറപ്പാക്കുന്ന 'ഭാഷാ വികാസ ഇടങ്ങൾ' സജ്ജമാക്കുകയുമുണ്ടായി. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അംഗീകാരമുള്ള എല്ലാ പ്രീ പ്രൈമറി സ്കൂളുകളിലും സാങ്കേതികവിദ്യ സഹായത്തോടുകൂടിയ വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രീ സ്കൂളുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് നടത്തേണ്ട ഉദ്യോഗസ്ഥർക്ക് മോണിറ്ററിംഗ് നടത്തുന്നതിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ തയ്യാറാക്കി വിദ്യാഭ്യാസ ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ പ്രഥമാധ്യാപകർക്കും അധ്യാപകർക്കും ആയമാർക്കും പ്രീസ്കൂൾ ശേഷി വികസനം സംബന്ധിച്ചും, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് പ്രീ സ്കൂൾ മോണിറ്ററിംഗ് നടത്തുന്നതിന് പരിശീലനവും നൽകിയിട്ടുണ്ട്. |
| (ബി) | പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രത്യേക പാഠ്യ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരങ്ങളും പുരോഗതിയും അറിയിക്കാമോ; | (ബി) | കേരള പാഠ്യ പദ്ധതി പരിഷ്കരണം, 2023 തയ്യാറാക്കുന്നതിനായി രൂപീകരിച്ച ഫോക്കസ് ഗ്രൂപ്പുകളിൽ ഒന്ന് പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ളതാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നടന്ന ജനകീയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും ഫോക്കസ് ഗ്രൂപ്പ് നടത്തിയ ഗവേഷണാത്മകമായ അന്വേഷണങ്ങളേയും അടിസ്ഥാനമാക്കി കേരളത്തിലെ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലപാട് രേഖ "ആദ്യകാല ശൈശവ പരിചരണവും വികാസവും" എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നാല് പാഠ്യപദ്ധതി ചട്ടക്കൂടുകളാണ് തയ്യാറാക്കിയിട്ടുള്ളത്. അതിലൊന്ന് പ്രീപ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ളതാണ്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ച പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിൽ തയ്യാറാക്കിയ പാഠ്യപദ്ധതി ചട്ടക്കൂട്, എൻസിഇആർടി തയ്യാറാക്കിയ അടിസ്ഥാന വിദ്യാഭ്യാസത്തെ സംബന്ധിച്ച പാഠ്യപദ്ധതി ചട്ടക്കൂട്, (എൻ.സി.എഫ്.എഫ്. എസ്) കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് തയ്യാറാക്കിയ പ്രീ സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചിട്ടുള്ള പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ, എന്നിവ അടിസ്ഥാനമാക്കി |

| | | | |
|---|---|---|---|
| | | | കേരളത്തിൽ പാഠ്യപദ്ധതി രൂപീകരിക്കുന്നതിനുള്ള ശില്പശാലകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ അംഗീകൃത പ്രീ പ്രൈമറി സ്കൂളുകളിൽ ഭാഷാ വികാസ ഇടങ്ങൾ സജ്ജീകരിക്കുന്നതിനും സാങ്കേതികവിദ്യാ സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ? | (സി) | സംസ്ഥാനത്തെ പ്രീ സ്കൂളുകളെ ആകർഷമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വർണ്ണക്കൂടാരം എന്ന പേരിൽ സമഗ്ര ശിക്ഷ കേരളയാണ് നടപ്പിലാക്കുന്നത്. കുട്ടിയുടെ സമഗ്ര വികാസത്തിന് സഹായകമായ പതിമൂന്ന് ഇടങ്ങളാണ് പ്രീസ്കൂളുകളിൽ ഒരുക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. വികാസ ഇടങ്ങൾ രൂപീകരിക്കേണ്ടതിന്റെയും അവ നടപ്പിലാക്കുന്നതിന്റെയും പ്രാധാന്യം സംബന്ധിച്ച് പ്രീ സ്കൂൾ അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഈ വികാസ ഇടങ്ങൾക്ക് പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ നടത്തുവാനുള്ള പ്രയോഗിക മാതൃകകൾ കഴിഞ്ഞ വർഷം നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള എല്ലാ പ്രീപ്രൈമറി സ്കൂളുകളിലും കുട്ടികളിൽ ഭാഷ ശേഷികൾ ഉറപ്പാക്കുന്ന ഭാഷ വികാസ ഇടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഭാഷ ഇടങ്ങൾ സജ്ജീകരിക്കുന്നതിന് ഏകദേശം 13,000 രൂപയുടെ ഭാഷാ പുസ്തകങ്ങൾ സജ്ജമാക്കുകയും, ഭാഷാ വികാസയിടങ്ങൾ ഒരുക്കുന്നതിനു 5,000 രൂപയുടെ ഫർണിച്ചറുകളും മറ്റു സാധന സാമഗ്രികളും ലഭ്യമാക്കുകയുമുണ്ടായി. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അംഗീകാരമുള്ള എല്ലാ പ്രീപ്രൈമറി സ്കൂളുകളിലും സാങ്കേതിക വിദ്യ സഹായത്തോടുകൂടിയ വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുകയാണ്. സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ടെൻഡർ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. സർക്കാർ അംഗീകൃത പ്രീ പ്രൈമറി ക്ലാസുകൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കുന്നതിന് വേണ്ടി പ്രീ പ്രൈമറി അധ്യാപർക്ക് ടാബ്ലറ്റ് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനും, ഓരോ ക്ലാസ് റൂമുകളിൽ എൽഇഡി പ്രൊജക്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ